ബഹുമാനപ്പെട്ട ഗവൺമെൻറിന് അറിയാം. ഇതിൻെറ ഉൽഘാടനത്തിനു വേണ്ടിയുള്ള ചില നടപടികളും ഒരു 2 മാസംമുൻപ് തുടങ്ങിവച്ചതാണ്. പക്ഷേ എന്തു കാരണങ്ങൾകൊണ്ടോ ഇപ്പോൾ അതു തുടങ്ങാതെ ഇരിക്കുകയാണ്. അടിയന്തിരമായും അതു ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, 1983 ഒക്ടോബറിൽത്തന്നെ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കൊടുത്തിട്ടുണ്ട്. പക്ഷേ അവിടെ സ്ഥലം കിട്ടാൻ നിവൃത്തിയില്ല. അവസാനം ഒരു സ്ഥലം കണ്ടെത്തി. അവിടെയാണെങ്കിൽ വെള്ളവും വെളിച്ചവുമില്ല. ഫയർ സ്റ്റേഷനിൽ വെള്ളമില്ലാതെ വന്നാലുള്ള ബുദ്ധിമുട്ട് അറിയാമല്ലോ. ഏതായാലും ആ പ്രദേശത്തുള്ളവരോട് പറഞ്ഞതിൻെറ അടിസ്ഥാനത്തിൽ മുനിസിപ്പാലിറ്റിയിൽ ചില നടപടികളും സ്വീകരിച്ച് ഏതാനും സംഖ്യ കളക്ടു ചെയ്തിട്ടുണ്ട്. വെള്ളം കിട്ടാനും റിസർവ്വ് ചെയ്യാനുമുള്ള സൗകര്യം കിട്ടിക്കഴിഞ്ഞാൽ ഒട്ടും താമസിക്കാതെ അതിൻെറ ഉദ്ഘാടനം നടത്താവുന്നതാണ്.

(4) കണ്ണവം ഫോറസ്റ്റ് റെയ്ഞ്ചിൽപ്പെട്ട മലകളിലെ കൃഷിക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ

(ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, തലശ്ശേരി താലൂക്കിലെ കണ്ണവം ഫോറസ്റ്റ് റെയിഞ്ചിൽപ്പെട്ട കോളയാട് പഞ്ചായത്തിലെ പെരുവ, ചെമ്പുക്കാവ്, ചേക്കരി, കുളപ്പ, ആക്കുംമൂലം തുടങ്ങി 10 മലകളിലായി വർഷങ്ങളായി താമസിച്ച് കൃഷിചെയ്തുവരുന്ന 550-ഓളം കുറിച്യ കുടുംബങ്ങളുടെ കൃഷിഭൂമിയിൽ ഫോറസ്റ്റ് അധികൃതർ കടന്നുകയറി കുറ്റിയിട്ട് ഭൂമിയൊന്നും കുറിച്യർക്ക് നൽകുകയില്ലഎന്ന് ഭീഷണി മുഴക്കിയിരിക്കുകയാണ്. ഇതിനെ തുടർന്ന് കോളയാട് പഞ്ചായത്തിലെ കുറിച്യ കോളനികളിൽ ഭീതിജനകമായ ഒരന്തരീക്ഷമാണ് ഇന്ന് നിലനിൽക്കുന്നത്. അവിടെ വർഷങ്ങളായി താമസിച്ച് കൃഷിചെയ്തുവരുന്ന ഈ കുറിച്യർക്ക് അടിയന്തിരമായി പട്ടയം നൽകിയില്ലെങ്കിൽ വിഷമകരമായ ഒരു സ്ഥിതിവിശേഷം ഇവിടെ ഉണ്ടാകും. ഫോറസ്റ്റ് അധികൃതർമാർ കൈയേറ്റം തുടരും എന്ന വസ്തുത കണക്കിലെടുത്തുകൊണ്ട് ഈ കൈയേറ്റം അവസാനിപ്പിക്കുകയും അവരുടെ ഭൂമിക്ക് പട്ടയം കൊടുക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് വനം വകുപ്പുമന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, കണ്ണവം ഫോറസ്റ്റ് റെയിഞ്ചിൽപ്പെട്ട പ്രദേശത്ത് പഴയ കാലത്തെല്ലാം കുറിച്യരുടെ കൈയിൽ കുറെ സ്ഥലമുണ്ടായിരുന്നു. പക്ഷെ ഓരോ വർഷവും ഈ കുറിച്യരെ ഉപയോഗിച്ച് പുതിയ പുതിയ വനഭൂമി കയ്യേറ്റം നടത്തുന്ന ഒരു പ്രവണത ഈ പ്രദേശത്തുണ്ട്. ഞങ്ങൾ ഈയിടെ ഒരു മീറ്റിംഗ് ചേർന്നു. കുറിച്യരുടെ കൈയിലുള്ള സ്ഥലങ്ങളെല്ലാം പ്രത്യേകമായി അളന്ന് തിട്ടപ്പെടുത്തി അവർക്ക് അതിർത്തി നിർണ്ണയിച്ച് കൊടുക്കണമെന്ന് ഒരു തീരുമാനം എടുത്തു. 2 ഏക്കർ വരെയാണ് അവർക്ക് കൊടുക്കാൻ പറഞ്ഞത്. അവിടെ സാധാരണ ചെയ്യുന്നത് അവർ ഈ കൊല്ലം കൈയേറിയ സ്ഥലത്തു നിന്ന് മാറി അടുത്ത കൊല്ലം മറ്റൊരു സ്ഥലത്തേക്ക് പോകും. ഇത് മറ്റുള്ള നാട്ടുകാർ പോയി കൃഷി ചെയ്തിട്ട് അവർക്ക് രൂപ കൊടുക്കും; അവരെക്കൊണ്ട് കൃഷി ചെയ്യിപ്പിക്കും. അവരുടെ അദ്ധ്വാനം ചൂഷണം ചെയ്യുന്നു; അതേയവസരത്തിൽ നമ്മുടെ വനവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഇപ്പോൾ അവിടെ പറഞ്ഞിട്ടുള്ളത് പഴയ ആളുകളുടെ കൈവശമുള്ളത് മുഴുവൻ അളന്നു തിട്ടപ്പെടുത്തി സർവ്വേ ചെയ്യണം എന്നാണ്. അതു വരുമ്പോഴാണ് ഇതിനെതിരായി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുള്ള ഒരു മൂവ്മെൻറ് ഉണ്ടായിട്ടുള്ളത് അത് നമ്മുടെ വനത്തിന് നാശമായിരിക്കും. ഏതായാലും അനധികൃതമായിട്ടുള്ള കൈയേറ്റം ഫോറസ്റ്റുകാരിൽ നിന്ന് ഉണ്ടാവുകയില്ല. എന്തെങ്കിലും തെറ്റായിട്ടുണ്ടെങ്കിൽ അത് പരിശോധിക്കാം.

(5) മത്സ്യ വ്യവസായത്തിലേർപ്പെട്ടിരിക്കുന്നവർക്കുള്ള ക്ഷേമപദ്ധതി

ശ്രീ. വി ദിനകരൻ : സർ, അസംഘടിതമേഖലയിലെ തൊഴിലാളികളെ ഉദ്ദേശിച്ചുകൊണ്ടുള്ള കേരള ഡെത്ത്-കം-റിട്ടയർമെൻറ് ആനുകൂല്യങ്ങൾ മത്സ്യവ്യവസായത്തിലെ മത്സ്യവിതരണം, സംസ്കരണം എന്നീ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കുകൂടി ബാധകമാക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ഇവർ യഥാർത്ഥ മത്സ്യത്തൊഴിലാളികളുടെ ആനുകൂല്യം കിട്ടാത്തവരാണ്. ഇവരിൽ പീലിംഗ് ഷെഡ്ഡിലും ഐസ് പ്ലാൻറിലും ഫ്രീസിംഗ് പ്ലാൻറിലും കോൾഡ് സ്റ്റോറേജിലും പണിയെടുക്കുന്നവരുണ്ട്. മത്സ്യം ചുമക്കുന്നവരുണ്ട്. ഐസ് ഇടിക്കുന്നവരുണ്ട്. തലച്ചുമടായി മത്സ്യം കൊണ്ടുപോയി വിൽക്കുന്നവരുണ്ട്. സൈക്കിളിൽ ലോഡ് വച്ചുകെട്ടി ദൂരസ്ഥലങ്ങളിൽ കൊണ്ടുപോയി വില്ക്കുന്നവരുണ്ട്. ചെറുകിട മത്സ്യവ്യവസായികളുണ്ട്. ഇവർക്ക് സംരക്ഷണം കൊടുക്കുന്നതിന് ഇവരെ പുതിയ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, ഈ മത്സ്യത്തൊഴിലാളികൾക്ക് പ്രധാനമായും വെൽഫെയർ ഫണ്ട് സ്കീം ഇപ്പോൾ നിലവിലുണ്ട്. അതിൻെറ നിർവ്വചനത്തിൽപ്പെടാത്തവരും അതുപോലെ മറ്റേതെങ്കിലും വെൽഫെയർ ഫണ്ടിൻെറ പരിരക്ഷണത്തിൽ വരാത്തവരുമായ മത്സ്യത്തൊഴിലാളികളെക്കൂടി ഈ വിഭാഗത്തിലുൾപ്പെടുത്തുന്ന കാര്യം വളരെ അനുഭാവപൂർവ്വം ഗവൺമെൻറ് പരിഗണിക്കുന്നതാണ്.

(6) ആർ. എസ്. എസ്. കാരുടെ ആക്രമണം

ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള : സർ, ഇക്കഴിഞ്ഞ തിങ്കളാഴ്ച കലഞ്ഞൂർ ജംഗ്ഷനിൽ വച്ച് ഒരു വിഭാഗം ആർ. എസ്. എസ്. കാർ നടത്തിയ സായുധ ആക്രമണത്തിൻെറ ഫലമായി മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും ഡി. വൈ. എഫ്. ഐ. യുടെയും പല പ്രവർത്തകർക്കും ഗുരുതരമായ പരിക്ക് ഏല്പ്പിക്കുകയുണ്ടായി. പാർട്ടിയുടെ കോന്നി ഏരിയാ കമ്മിറ്റി അംഗം ശ്രീ. അച്യുതൻ നായർ, മറ്റംഗങ്ങളായ വി. ശിവൻകുട്ടി, ശശി, കർഷകത്തൊഴിലാളി യൂണിയൻ പ്രവർത്തകൻ മുരളി എന്നിവർക്കാണ് പരിക്കേറ്റത്. അച്യുതൻ നായരുടെ തലയിൽ ഗുരുതരമായ പരിക്കുണ്ട്. ശിവൻകുട്ടിയെ വെട്ടിയിട്ടു. അതുപോലെ ബോംബെറിഞ്ഞതുമൂലം മുഖത്ത് ഗുരുതരമായ പരിക്കുണ്ട്. എല്ലാവരും അതിഭീകരമായി മർദ്ദിക്കപ്പെട്ടു. സി. ഐ. റ്റി. യു. വിൻെറ നേതൃത്വത്തിലുള്ള 6 തൊഴിലാളികളുടെ തൊഴിൽ ബി. എം. എസ്സുകാർ തട്ടിയെടുക്കുന്നതിനുള്ള പരിശ്രമം നടത്തി. കഴിഞ്ഞ കുറെ വർഷങ്ങളായി സി. ഐ. റ്റി. യു. വിൽപ്പെട്ട ആറു തൊഴിലാളികളും, ഐ. എൻ. റ്റി. യു. സി. യിൽപ്പെട്ട ഏഴ് തൊഴിലാളികളുമാണ് അവിടെ പണിയെടുത്തിരുന്നത്. ആ തൊഴിൽ തട്ടിപ്പറിക്കാൻ വന്നതിനെ പ്രതിഷേധിച്ചതിൻെറ അടിസ്ഥാനത്തിലാണ് ആക്രമണം നടന്നത്. ആ ജംഗ്ഷന് സമീപം ഏനാദിമംഗലത്തുനിന്നും കൂടൽ, കലഞ്ഞൂർ പരിസര പ്രദേശങ്ങളിൽനിന്നും വന്നിട്ടുള്ള കുറെ ആർ. എസ്. എസ്സുകാർ കോയിക്കൽ സതീശൻ

LIBRARY ARCHIVES Kerala Legislative Assembly